(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിന്റെ പേരിൽ ഇൻഫോസിസ് പോലുള്ള സ്ഥാപനങ്ങൾ ഐ.ടി. വികസനത്തിന് എടുത്ത ഭൂമി തിരിച്ചുനൽകിയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) സ്റ്റാർട്ടപ്പ് വില്ലേജിലടക്കം വരുന്ന നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(സി) വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ട്/പാർക്കുകളിലെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഏകജാലക സംവിധാനം ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതുവഴി വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) ഇല്ല. തിരുവനന്തപുരത്തെ ഇൻഫോസിസിന്റെ രണ്ടാമത്തെ കാമ്പസിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാംതന്നെ ടെക്നോപാർക്ക് ഒരുക്കിയിട്ടുണ്ട്.

ഹരിത യൗവ്വനം പദ്ധതി

24(*203) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിതയൗവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഹരിതയൗവ്വനം എന്ന പദ്ധതി രൂപീകരിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

പൊതുചെലവുകളുടെ ഗുണനിലവാരം

25(*205) ശ്രീ. ജി. സുധാകരൻ :

ശ്രീ. എം. എ. ബേബി :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുചെലവുകളുടെ ഗുണനിലവാരവും നിക്ഷേപ പ്രയോജനവും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുചെലവുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങൾ എവിടെ നിന്നെല്ലാം ഉണ്ടായിട്ടുണ്ട് ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിലുള്ള നിലപാട് എന്താണെന്നും അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓരോ വർഷവും തയ്യാറാക്കുന്ന റിപ്പോർട്ടിൽ പൊതുചെലവുകളുടെ ഗുണനിലവാരവും നിക്ഷേപ പ്രയോജനവും വിലയിരുത്താറുണ്ട്. കൂടാതെ ഓരോ വർഷത്തേയും പൊതുചെലവ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്ട് 2003-ലെ ഖണ്ഡിക 6 പ്രകാരം ഒരു പൊതുചെലവ് പുന:പരിശോധന കമ്മിറ്റിയെയും നിയമിക്കാറുണ്ട്.

(ബി) 2012-13-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ടിലെ പൊതുചെലവുകളുടെ ഗുണനിലവാരം

LIBRARY ARCHIVES Kerala Legislative Assembly